HON'BLE MR. T. M. VARGHESE : ഇപ്പോൾ ഉള്ള രീതി ഇതാണ്. അതിനു വിപരീതമായി വേണമെങ്കിൽ, അതു് സ്കൂൾ അനുവദിക്കുന്ന സമയത്തു് ആവശ്യപ്പെടണമായിരുന്നു. ആ തത്വം ഇപ്പോൾ കൊണ്ടു വന്നാൽ അതു സ്വീകരിക്കാൻ നിവൃത്തിയില്ല.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ട്മെൻറുമുഖേന നടത്തിവരുന്ന ജോലികൾ.

555. MR. P. K KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായസംരക്ഷകവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ?

(എ) പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറു മുഖേന നടത്തിവരാറുള്ള കിണറു്, പൊതുമന്ദിരം, മുതലായവയുടെ ജോലികൾ പിന്നോക്കസമുദായാംഗങ്ങൾ തന്നെയാണു സാധാരണ ചെയ്തുവരുന്നതെന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(ബി) ഫാറം-ൽ പ്രസ്തുത ജോലികൾ ചെയ്തിട്ടുള്ള ആളുകൾക്കു യഥാവസരം ബില്ലുകൾ പാസ്സാക്കി കിട്ടാത്തതുകൊണ്ടു വളരെ പ്രയാസങ്ങളും വിഷമങ്ങളും നേരിട്ടിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : (എ) ഉണ്ടു്.

(ബി) ബില്ലുകൾ പാസ്സാക്കി കൊടുക്കുന്നതിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത താമസം മാത്രമേ വരുന്നുള്ളൂ.

Alwaye P. W. D. Division.

556. MR. PAUL THALIATH : Will the Honourable Minister for Public Works be pleased to state :

(*a*) whether any complaints have been received about any officers of the Alwaye P. W. D. Division ;

(*b*) if the answer to (*a*) is in the affirmative the names of such officers ;

(*c*) whether any enquiry has been carried out with regard to such petitions ; and

(*d*) if the answer to (*c*) is in the affirmative whether orders have been passed on such enquiries ?

LIBRARY ARCHIVES Kerala Legislative Assembly